**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് അഗ്രോ സർവ്വീസ് സൊസൈറ്റി - ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്തിലെ എള്ളരിഞ്ഞി എന്ന സ്ഥലത്ത് വി.ഇ.ഒ. ക്വാർട്ടേഴ്സും സ്ഥലും പി.ഡബ്ല്യു.ഡി. നിരക്കിൽ വാടക ഈടാക്കിക്കൊണ്ട് വിട്ടുനൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ). 49/14/തസ്വഭവ തീയതി, തിരുവനന്തപുരം, 04.01.2014

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 24.05.2013 ലെ 3703/ജെ.ആർ.വൈ.2/2013/ സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

അഗ്രോ സർവ്വീസ് സെന്റർ സൊസൈറ്റി ശ്രീകണ്ഠാപുരം കേന്ദ്രമാക്കി കൃഷി വകുപ്പിന്റെ ധനസഹായത്തോടെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനായി 25 ച.മീറ്റർ കെട്ടിടവും, 20 ച.മീറ്റർ ഗോഡൗൺ സൗകര്യവും ആവശ്യമാണെന്നും, അത്തരം സൗകര്യങ്ങൾ ഉള്ള കെട്ടിടവും സ്ഥലവും ലഭ്യമായില്ലെന്നും, ആയതിനാൽ, ശ്രീകണ്ഠാപുരം പഞ്ചായത്തിലെ ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള എള്ളിരിഞ്ഞി പ്രദേശത്ത് സ്ഥിതിചെയ്യുന്ന വി.ഇ.ഒ. ക്വാർട്ടേഴ്സും, 0.0725 ഹെക്ടർ സ്ഥലവും പി.ഡബ്ല്യു.ഡി. യുടെ പുതുക്കിയ വാടക നിരക്കിൽ മാസ വാടകയ്ക്ക് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ പ്രകാരം ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിരുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഗ്രോ സർവ്വീസ് സെന്റർ സൊസൈറ്റിക്ക് ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന്, ടി പഞ്ചായത്തിലെ എള്ള രിഞ്ഞി എന്ന സ്ഥലത്തെ ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള വി.ഇ.ഒ. ക്വാർട്ടേഴ്സും, 0.0725 ഹെക്ടർ സ്ഥലവും ,പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശാനുസരണം പുതുക്കിയ വാടക നിരക്കിൽ, മാസ വാടകയ്ക്ക് നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അനിത ദാമോദരൻ,
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, ഇരിക്കൂർ
3. സെക്രട്ടറി/പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത്, ശ്രീകണ്ഠാപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ